II അടിയന്തിരപ്രമേയം

സർക്കാർ ജീവനക്കാരുടെ ശമ്പളം ധനവിനിയോഗ നിയന്ത്രണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പിൻവലിക്കണമെന്ന ആവശ്യം

മി. സ്പീക്കർ: സർക്കാർ ജീവനക്കാരുടെ ശമ്പളം ധനവിനിയോഗ നിയന്ത്രണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ തീരുമാനം സംസ്ഥാനത്ത് അഞ്ചു ലക്ഷത്തോളം വരുന്ന ജീവനക്കാരിലും അദ്ധ്യാപകരിലും
9-30 a.m.] അവരുടെ കുടുംബങ്ങളിലും ആശങ്കയുളവാക്കിയിരിക്കുന്നു എന്നും മെഡിക്കൽ റീഇമ്പേഴ്സ്മെന്റും യാത്രാബത്തയും മാസങ്ങളായി ലഭിക്കാതിരിക്കുന്ന സാഹചര്യത്തിലേക്ക് ശമ്പളത്തെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗവൺമെന്റ് തീരുമാനം പല സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്ത സ്ഥിതിയുണ്ടാക്കുകയും ജീവനക്കാരും അദ്ധ്യാപകരും പ്രക്ഷുബ്ധരാകുകയും ചെയ്തു എന്നും അത്യന്തം ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ടി. കെ. ബാലൻ, കെ. പി. രാജേന്ദ്രൻ, കെ. പി. മോഹനൻ, എ. എ. അസീസ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, പി. സി. ജോർജ്ജ്, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഉദ്യോഗസ്ഥർക്ക് ശമ്പളം നൽകുന്ന കാര്യത്തിൽ യാതൊരു രീതിയിലുള്ള നിയന്ത്രണവും ഇല്ലായിരുന്നു; അത് മാറ്റണമെന്ന് യു.ഡി.എഫ്. ഗവൺമെന്റിന് യാതൊരു താൽപ്പര്യവും ഇല്ലായിരുന്നു. എന്നാൽ ഈ നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി 2003 ജനുവരി മാസം 29-ാം തീയതി ഒരു റിപ്പോർട്ട് സമർപ്പിച്ചു. ആ കമ്മിറ്റിയിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചെയർമാനാണ്. സർവ്വശ്രീ. ആർ. ബാലകൃഷ്ണപിള്ള, കെ. രാധാകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ, എ. സി. ഷൺമുഖദാസ്—ഇവരെല്ലാം അംഗങ്ങളാണ്. ആ കമ്മിറ്റി നിയന്ത്രണമില്ലാതെ ഇത് നൽകുന്നത് ശരിയല്ല എന്ന് പറഞ്ഞ് ഫിനാൻസ് ഡിപ്പാർട്ടുമെന്റിനെ ശക്തിയായി വിമർശിച്ചു. ഫിനാൻസ് ഡിപ്പാർട്ടുമെന്റിലെ സെക്രട്ടറി അതെല്ലാം വിശദീകരിക്കുന്ന കൂട്ടത്തിൽ പറഞ്ഞ ഒരു സെന്റൻസ് ഞാൻ റിപ്പോർട്ടിൽ നിന്ന് വായിക്കുകയാണ്: ".....When enquired about the violation of constitutional provisions by incurring excess expenditure; the Secretary, Finance (Expenditure) replied that since the expenditure was committed, the Treasury Officers could not but make payment in respect of salary heads". കമ്മിറ്റി അതിൽ തൃപ്തരായില്ല. അതുകൊണ്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തിരിക്കുന്നത് The Committee find that the argument of the Finance Department that Treasury Officers ought to make payment towards salary irrespective of the insufficient

LIBRARY ARCHIVES Kerala Legislative Assembly

provision since the same is a committed expenditure, does not hold good as incurring expenditure beyond the amount sanctioned by the House is a clear violation of Constitutional provision. Therefore, the Committee strongly urge the department to strictly adhere to all the rules and procedures in incurring expenditure and to avoid excess expenditure in future. ഈ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ മാത്രമല്ല, 8-6-2004-ൽ ഈ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു സർക്കുലർ എല്ലാവർക്കും അയച്ചു, ആ സർക്കുലറിൽ തന്നെ പറയുന്നത്, Now it has been brought to the notice of Government that a number of Departments have incurred huge expenditure involving crores of rupees in excess of the availability of the budget provision under 'Salaries'. The tendency has to be curbed in the interest of the finances of the State Government so as to avoid recurrence of such huge expenses. In order to achieve the above and also for the enforcement of financial discipline on appropriation control under 'Salaries', it is instructed that the present system of appropriation control should be made applicable in the case of expenditure under the 'Salaries' items also. In case where the provision is found to be insufficient to meet the salary etc. of the officers and staff in position, the Heads of Departments of Administrative Departments will take up the issue of an additional provision with Finance Department sufficiently early in any case before 30th September". ഇത് 8-6-2004-ൽ കൊടുത്തതാണ്, അതുകഴിഞ്ഞ് ഡിസംബർ 15-ാം തീയതി വീണ്ടും കൊടുത്തു. "Finance Department has assured that where additional provision under the head 'Salaries' is required, it will be given provided it has been taken up with the Finance Department before 30th September, 2004. In case the department under you has not done this, kindly advice them to do this atleast before 31-12-2004. ഇതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് കമ്മിറ്റിയുടെ റിപ്പോർട്ട് അനുസരിച്ചുള്ള ഉത്തരവ് ഇപ്പോൾ നൽകിയിട്ടുള്ളത്. അതിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ടും നിയമസഭയിലേക്ക് അയച്ചിട്ടുണ്ട്. ഇതല്ലാതെ ഗവൺമെന്റിന് ഇങ്ങനെ ഒരു താൽപ്പര്യം ഇല്ലായിരുന്നു. പക്ഷേ പി.എ.സി. പറഞ്ഞത് ഒരു നല്ല കാര്യമാണ്, ഫിനാൻസിൽ എല്ലാ ചെലവിനും കൺട്രോൾ വേണം, അപ്രോപ്രിയേഷൻ കൺട്രോൾ വേണം. ഈ നിയമസഭയ്ക്കാണ് പൂർണ്ണ അധികാരം. ഈ നിയമസഭയുടെ അധികാരം വേറെ ആർക്കും എടുക്കാനും സാദ്ധ്യമല്ല. അതുകൊണ്ട് ആ ഒരു നല്ല കാര്യം ചെയ്തതാണ് എന്നുമാത്രമാണ് ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കുറ്റവും ആരും ചെയ്തിട്ടില്ല.

ശ്രീ. ടി. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട ധനമന്ത്രി പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശയ്ക്ക് ധനകാര്യ വകുപ്പ് കൊടുത്തിട്ടുള്ള റിപ്ലെയും എല്ലാം പരിഗണിച്ചുകൊണ്ടാണ് ഉചിതമായ ഒരു തീരുമാനം എടുത്തിട്ടുള്ളത് എന്നാണ് പറഞ്ഞത്. വലിയ കൊലക്കുറ്റം ഒന്നും ചെയ്തിട്ടില്ല എന്നുപറഞ്ഞു. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ധനമന്ത്രിയോടുള്ള എല്ലാ ആദരവും വച്ചുകൊണ്ട് ഞാൻ ഒരു കാര്യം പറയട്ടെ, പി.എ.സി. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള അവസാനത്തെ വാചകത്തിൽ പറയുന്നത്, "അതുകൊണ്ട് നിയമാനുസൃതമായി ബഡ്ജറ്ററി കൺട്രോളും, അപ്രോപ്രിയേഷൻ കൺട്രോളും ഉണ്ടായിരിക്കണം", എന്നാണ്. ട്രഷറി ട്രാൻസാക്ഷന് നിലവിലുള്ള നിയമം എന്താണ്? ട്രഷറി കോഡ് വാല്യം ഒന്നിൽ പറഞ്ഞിട്ടുള്ളത് ഞാൻ അതേപോലെ വായിക്കാം. ബഹുമാനപ്പെട്ട ധനമന്ത്രി ഒരുപക്ഷേ ഗവൺമെന്റ് സർവ്വീസിൽ ഉണ്ടായിരുന്നിരിക്കില്ല, അദ്ദേഹം പ്രഗൽഭനായിട്ടുള്ള പാർലമെന്റേറിയനായിരിക്കാം, മന്ത്രിയായിരിക്കാം, സ്പീക്കറായിരിക്കാം. പക്ഷേ ഞാൻ ഗവൺമെന്റ് സർവ്വീസിൽ 33 കൊല്ലം ഇരുന്നവനാണ്. അതുകൊണ്ടുതന്നെ എന്താണ് ട്രഷറി കോഡ്, പി. എ. സി.യടക്കം ഈ ധനകാര്യ വകുപ്പിലുള്ള ഉന്നത ഉദ്യോഗസ്ഥൻമാരടക്കം അങ്ങേക്ക് തന്നിട്ടുള്ള നിർദ്ദേശം എന്താണ്, എത്ര തെറ്റിദ്ധരിപ്പിച്ചു എന്നുള്ളതിനെ സംബന്ധിച്ച് എനിക്കറിയാം. ഇവിടെ നിലവന്റായിട്ടുള്ള ട്രഷറി കോഡ് വാല്യം ഒന്നിൽ ഈ ജനുവരി ഒന്നാം തീയതി അങ്ങ് അമെന്റ് ചെയ്തിട്ടുള്ളത് ഉദ്യോഗസ്ഥന്മാർ അമെന്റ് ചെയ്തു എന്നുപറഞ്ഞാൽ അങ്ങ് ഒരിക്കലും സമ്മതിക്കില്ലല്ലോ. എല്ലാ ഉത്തരവാദിത്വവും ഞാൻ എടുക്കുന്നു എന്നല്ലേ പറഞ്ഞത്? ട്രഷറി കോഡിൽ വാല്യം ഒന്നിൽ 444-ാം നമ്പർ റൂളിൽ പറഞ്ഞിരിക്കുന്നത് ഞാൻ അതുപോലെ തന്നെ വായിക്കാം. എന്താണ് അതിൽ പറയുന്നത്-444 (2) (a) The Heads of the Departments and other Chief Controlling Authorities shall, within the time limits prescribed in the Budget Manual distribute the provision to the extent necessary under each unit of appropriation mentioned below among their subordinate officers each of whom shall further distribute the same among the disbursing officers subordinate to him.

(i) Travel Expenses.
(ii) Office expenses.
(iii) Payments for professional and special services.
(iv) Rent, rates and taxes/royalty.
(v) Publications.
(vi) Advertising, sales and publicity expenses.
(vii) Grant-in-aid/contribution/subsidies.
(viii) Scholarships and stipends.
(ix) Hospitality expenses/Sumptuary allowances etc.
(x) Machinery and equipments/tools and plants.
(xi) Motor vehicles.
(xii) Maintenance.
(xiii) Investments/loans.
(xiv) Materials and supplies.
(xv) Other charges.

LIBRARY ARCHIVES Kerala Legislative Assembly

എന്നിട്ട് അതേ വകുപ്പിൽ തന്നെ പറയുന്ന മറ്റൊരു കാര്യമുണ്ട്, അതാണ് പ്രധാനം. ആ റൂളിലെ സെക്ഷൻ 10-ൽ പറയുന്നത് എന്താ? പാർട്ട് 7-ൽ റൂൾ 444 (10) "Disbursements relating to salaries, wages and pensions shall be exempted from the purview of the above rules" എന്നാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് ഇക്കാര്യത്തിൽ എന്താണ് പറയാനുള്ളത് എന്നാണ് ഞാൻ ചോദിക്കുന്നത്. "For the purpose of this rule, salary includes all emoluments paid to Government employees"..... എന്നാണ് പറയുന്നത്. വെറും ബേസിക് പേ മാത്രമല്ല അവർക്കുള്ള ഡി.എ., അവർക്കുള്ള പെർമനന്റായിട്ടുള്ള മറ്റു കാര്യങ്ങൾ ഇതൊക്കെ ചേരുന്നതാണ് സാലറി. അത് കൊടുക്കണം. "..... includes all emoluments paid to Government employees other than travelling allowance and permanent conveyance allowance and wages includes pay of menials and other contingent staff" എന്നാണ് പറയുന്നത്. ബ്രിട്ടീഷുകാരൻ 1934-ൽ ഉണ്ടാക്കിയ ഈ ട്രഷറി കോഡ് 1956-ലെ സംസ്ഥാന റീ ഓർഗനൈസേഷനുശേഷം അപ്ഡേറ്റ് ചെയ്തു. 1963-ൽ സി. തോമസ് ഫിനാൻസ് സെക്രട്ടറിയായിരുന്ന കാലത്ത് അദ്ദേഹം വീണ്ടും വേണ്ടത്ര ഭേദഗതിയോടുകൂടി അപ്ഡേറ്റ് ചെയ്തു. ഏറ്റവും ഒടുവിൽ 1988-ൽ വീണ്ടും അപ്ഡേറ്റ് ചെയ്തു. എന്നിട്ട് ഇത്ര വലിയ ബുദ്ധി ആർക്കും കിട്ടിയില്ല അല്ലേ? ഇതാണ് അതിന്റെ ഒറിജിനൽ റൂൾ, അതിന്റെ ബേസിക് റൂൾ ഇതാണ്. ഇത് ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ മനസ്സിലാക്കിയിട്ടുണ്ടോ? ഈ സാലറി കൈപ്പറ്റുന്ന 4,86,000 ജീവനക്കാർ ഇന്ന് ഉണ്ട്. 30 ദിവസം ജോലിയെടുത്താൽ 31-ാം ദിവസം ശമ്പളം ലഭിക്കുന്നവർ. മൂന്നര ലക്ഷം പെൻഷൻകാർ ഉണ്ട്. ആ ഭാഗത്തും ഉണ്ട്, സാറും ഒരു പെൻഷൻകാരനാണ്, ഞാനും ഒരു പെൻഷൻകാരനാണ്. ആ പെൻഷൻകാർക്ക് അഞ്ചാം തീയതിക്കും പത്താം തീയതിക്കും ഇടയ്ക്ക് ട്രഷറിയിൽനിന്ന് പെൻഷൻ കൊടുക്കണമെന്ന് അലിഖിതമായിട്ടുള്ള നിയമമുണ്ട്. ഞാൻ ചോദിക്കട്ടെ (444) (10) പ്രകാരം അവർക്ക് എക്സംപ്ഷൻ ഉള്ളതല്ലേ? എന്തിന് അനാവശ്യമായി ഒരു ബാദ്ധ്യത ഉണ്ടാക്കണം? നമ്മുടെ ഫാമിൽ ഒക്കെയുള്ള തൊഴിലാളികൾ ഇല്ലേ? അങ്ങ് അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്തിരുന്ന ഉന്നതനായിട്ടുള്ള ഒരു മന്ത്രിയായിരുന്നില്ലേ? അവിടെ ആയിരക്കണക്കിന് തൊഴിലാളികൾ ഇല്ലേ? മിനിമം വേതനം വാങ്ങുന്ന പാവപ്പെട്ട തൊഴിലാളികൾ ഇല്ലേ? യൂണിവേഴ്സിറ്റികളിൽ ഇല്ലേ? (അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ) അവർക്ക് ഇതിൽ നിന്നും എക്സംപ്ഷനാണ്. സർ, ഈ നിയമസഭാമന്ദിരം അടിച്ചുവൃത്തിയാക്കുന്ന പാവപ്പെട്ടവരിൽ പാവപ്പെട്ട-മീനിയൽ സ്റ്റാഫ് ഇല്ലേ, പാർട്ട്ടൈം കണ്ടിജന്റ് സ്റ്റാഫ്, അവരെ ഇതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. ബ്രിട്ടീഷ് സായിപ്പു മുതൽ ഏറ്റവും ഒടുവിൽ 1988 മുതലുള്ള എല്ലാ ഗവൺമെന്റും ഒഴിവാക്കിയിട്ടുണ്ട്. എന്തേ ഇപ്പോൾ ഒരു പുതിയ ബുദ്ധി ഉദിക്കാൻ കാരണം? ഇതിന്റെ പിന്നിലുള്ള കാര്യമെന്താണ്? യഥാർത്ഥത്തിൽ മറ്റ് പലതുമാണ്. ഞാൻ ആ രൂപത്തിൽ രാഷ്ട്രീയം കൈകാര്യം ചെയ്യുന്നില്ല. ഇപ്പോൾ ഇവിടെ ഭരണ നവീകരണമാണ്. എം.ജി.പി. ചെലവ് ചുരുക്കണം, സർക്കാർ ജീവനക്കാരുടെ അൻപതിനായിരം പോസ്റ്റ് പോയില്ലേ? ഞങ്ങൾ എല്ലാപേരും പ്രസംഗിക്കാറുള്ളത് അഞ്ചേകാൽ ലക്ഷം ജീവനക്കാർ എന്നാണ്. അതിന്ന് നാലുലക്ഷത്തി എൺപത്തിയാറായിരമായി. മൂന്നര ലക്ഷം പെൻഷൻകാർ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ബാദ്ധ്യതയെപ്പറ്റി അങ്ങ് ചില സിദ്ധാന്തങ്ങൾ കൊടുത്തിട്ടുണ്ട്. ബഡ്ജറ്റിന്റെ ചർച്ചയിൽ ഞാൻ അത് കൊണ്ടുവരാം; ഇപ്പോൾ അത് അപ്രസക്തമാണ്. ഇങ്ങനെ നിങ്ങളെ പ്രോംപ്റ്റ് ചെയ്തിട്ട് കാര്യമെന്താണ്? നമ്മൾ ഒന്നാലോചിച്ച് നോക്കേണ്ടതായിട്ടുണ്ട്. ഇതെല്ലാംതന്നെ മാറ്റി ഈ എയ്ഡഡ് സ്കൂളുകളും കോളേജുകളും, 106 ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളും എല്ലാമുണ്ട്. അവിടെയുള്ള ജീവനക്കാർക്കും മൂന്നര ലക്ഷം പെൻഷൻകാർക്കും ഞാൻ ഈ പറഞ്ഞ തൊഴിലാളികൾക്കും ഈ മീനിയൽ സ്റ്റാഫിനുമൊക്കെ 1-ാം തീയതി ശമ്പളം കൊടുക്കുന്നതിന്, ഇതേവരെ അങ്ങനെ കൊടുത്തതുകൊണ്ട് ധനപരമായ എന്തെങ്കിലുമൊന്ന് ഏതെങ്കിലും ഒരു കമ്മിറ്റിക്ക് ചൂണ്ടിക്കാണിക്കാൻ പറ്റിയിട്ടുണ്ടോ? ഞാൻ പറയുന്നത് പി. എ. സി. യെ തെറ്റിദ്ധരിപ്പിച്ചു എന്നാണ്. പി. എ. സി. യോട് ഈ ഒറിജിനൽ റൂൾ എന്നുപറയുന്നതിൽ ശമ്പളത്തിന് എക്സംപ്ഷൻ ഉണ്ടെന്നും അത് അത്യാവശ്യമാണെന്നും പറഞ്ഞുകൊടുക്കാൻ പറ്റാത്ത **ഉദ്യോഗസ്ഥന്മാരുണ്ട്, അവരെ അങ്ങ് ഒരു പാഠം പഠിപ്പിക്കണം. വെറുതെ അനാവശ്യമായി പി.എ.സി.യെപ്പറ്റിപറയേണ്ട കാര്യമില്ല..... (ബഹളം).....

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഉദ്യോഗസ്ഥൻമാരെപ്പറ്റി, ... അത് രേഖയിൽ നിന്ന് മാറ്റണം. ഇല്ലെങ്കിൽ വിത്ത്ഡ്രാ ചെയ്യണം.....(ബഹളം).....

ശ്രീ. ടി. കെ. ബാലൻ: അങ്ങ് പറഞ്ഞാൽ ഞാൻ വിത്ത്ഡ്രാ ചെയ്യുന്ന പ്രശ്നമില്ല.

മി. സ്പീക്കർ: മാന്യത എല്ലാപേർക്കുമുണ്ട്. എം.എൽ.എ. മാർക്കും, മന്ത്രിമാർക്കും, ഉദ്യോഗസ്ഥന്മാർക്കും എല്ലാ മനുഷ്യർക്കും മാന്യതയുണ്ട്. മാന്യതകെട്ട് സംസാരിക്കാതിരിക്കുന്നതാണ് ബുദ്ധി. മോശമായിട്ടുള്ള പരാമർശങ്ങൾ രേഖയിൽ നിന്ന് പോകും.

ശ്രീ. ടി. കെ. ബാലൻ: സീമ ലംഘിച്ചിട്ടുണ്ടെങ്കിൽ ഞാൻ അത് പിൻവലിക്കുകയാണ്. ജീവനക്കാരും കുടുംബവും ഇന്ന് വലിയ ഉൽക്കണ്ഠയിലാണ്, ഇതിൽ നിന്ന്.....

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി: (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങയുടെ നിയന്ത്രണത്തിലുള്ളതാണ് നിയമസഭാകമ്മിറ്റികൾ. ഈ കമ്മിറ്റികളെയെല്ലാം അപ്പോയിന്റ് ചെയ്യുന്നത് അങ്ങാണ്. അതിനെക്കുറിച്ച് മോശമായിട്ടുള്ള പരാമർശം ദു:ഖകരമാണ്. ഉദ്യോഗസ്ഥന്മാരെക്കുറിച്ച് ഇത്തരത്തിൽ പറയുന്നത് ശരിയല്ല. ദയവായി അങ്ങനെയുള്ള പരാമർശം ഒഴിവാക്കണം. ബഹളം.....

മി. സ്പീക്കർ: അതിന്മേൽ ചർച്ച വേണ്ട, സംഗതി പറഞ്ഞുകഴിഞ്ഞല്ലോ. Please, Continue.

**ഫയൽ നമ്പർ 128/EB/2005/Leg.-ലെ സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നീക്കം ചെയ്യപ്പെട്ടു.

2/2309/12/DTP.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ: ധനമന്ത്രിയുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർ പറഞ്ഞപ്പോൾ പി.എ.സി. പറഞ്ഞത് ഇത് നിയമവിധേയമാക്കണം എന്നാണ്. നിയമ വിരുദ്ധമായി പേമെന്റ് പാടില്ല. എന്നാൽ ശമ്പളവും അലവൻസും നിയമവിധേയമാണ് എന്നുള്ളത് പി. എ. സി.യെ പറഞ്ഞ് മനസ്സിലാക്കാൻ കഴിയാത്ത ബലഹീനത ഉദ്യോഗസ്ഥന്മാർക്കുണ്ടെങ്കിൽ അതിനെയാണ് ഞാൻ ചൂണ്ടിക്കാണിച്ചത്, തീർന്നില്ല സർ, ഞാൻ പറഞ്ഞതിനുശേഷം അങ്ങേയ്ക്ക് ഒരു അവസരമുണ്ട്. ഇപ്പോൾ എന്താണ് ചെയ്യുന്നത്? മുൻപ് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് സാലറി ബില്ലിൽ, സാലറി ഹെഡ്ഡിലായിരുന്നു വാങ്ങിക്കാറുണ്ടായിരുന്നത്. ഇക്കൂട്ടത്തിൽ ചില ഉദ്യോഗസ്ഥന്മാർ ഇരിക്കുന്നുണ്ടല്ലോ. 1991-ലാണ് സാലറിയുടെകൂടെ വാങ്ങത്തക്ക വിധത്തിലുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇല്ലാതാക്കിയിട്ടുള്ളത്. ഓരോന്നായി ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ശമ്പളത്തെ സംബന്ധിച്ചും വേതനത്തെ സംബന്ധിച്ചും ഈ റൂൾ 444-ൽ പറഞ്ഞിരുന്നത് ഇന്നേവരെ നിലനിന്നു. എന്നാൽ ഇന്ന് വരാൻപോകുന്ന സ്ഥിതി എന്താണെന്ന് ചോദിച്ചാൽ അലോട്ട്മെന്റ് ഇല്ലായെങ്കിൽ 1-ാം തീയതി ശമ്പളം കിട്ടില്ല; 10-ാം തീയതി പെൻഷൻ കിട്ടില്ല, ഇന്ന് 8-ാം തീയതി ആയി, പല ട്രഷറികളിലും പെൻഷൻകാർ പോയാൽ അലോട്ട്മെന്റ് ഇല്ലെന്ന് പറഞ്ഞ് ട്രഷറി ആഫീസർമാർ പെൻഷൻകാരെ മടക്കി അയയ്ക്കുന്നുണ്ട്. കുറ്റംപറയാൻ പറ്റുമോ? മറ്റൊരു കാര്യം ഞാൻ പറയട്ടെ, ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസ് ഉണ്ട്. അദ്ദേഹത്തിന്റെ കീഴിൽ ഇരുപത്തിനാലോളം ജഡ്ജിമാർ ഉണ്ട്. പതിനായിരത്തിയെണ്ണൂറ് ജുഡീഷ്യൽ ഓഫീസേഴ്സ് ഉണ്ട്. അവർക്ക് ഒന്നാം തീയതി ശമ്പളം കിട്ടില്ല എന്നൊരു സ്ഥിതിവിശേഷം ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉണ്ടായാൽ ഈ ഉത്തരവ് കർശനമായി പാലിക്കണമെന്ന് നിർദ്ദേശം കൊടുക്കാൻ അങ്ങേയ്ക്ക് സാധിക്കുമോ? രാജ്ഭവനിൽ ഗവർണ്ണറടക്കം 108 പേരുണ്ട്. സെക്രട്ടേറിയറ്റിൽ ആളുകളുണ്ട്. അവർക്ക് ഒന്നാം തീയിതി ശമ്പളം കൊടുക്കാൻ പറ്റില്ല എന്ന് പറയത്തക്കവിധത്തിലുള്ള നിലപാട് എടുക്കാൻ അങ്ങേയ്ക്ക് സാധിക്കുമോയെന്നാണ് എനിക്ക് അറിയേണ്ടത്. അതേപോലെത്തന്നെ ലെജിസ്ലേച്ചറിന്റെ കാര്യം നോക്കൂ. ഇവിടെ ആരാണധിപനെന്ന് ഞാൻ നിങ്ങളോട് പറയേണ്ടതില്ലല്ലോ? അങ്ങ് അല്ലേ എപ്പോഴും ഡിഫന്റ് ചെയ്തിട്ടുള്ളത്? ഞങ്ങളുടെ സാമ്പത്തികവും അല്ലാത്തതുമായ താൽപ്പര്യങ്ങൾ ഡിഫന്റ് ചെയ്യുന്നത് അങ്ങാണ് എന്ന കാര്യം ഞാൻ നന്ദിയോടെ പറയുകയാണ്. അതടക്കം പിച്ചിച്ചീന്തത്തക്ക വിധത്തിലേക്കല്ലേ ഈ ഉത്തരവ് ഇറക്കിയിരിക്കുന്നത്? എം.എൽ.എ.മാരുടേതായാലും, സ്പീക്കറുടേതായാലും മന്ത്രിമാരുടേതായാലും അലവൻസ് അടക്കം 1-ാം തീയതി കിട്ടില്ല. ഈ നിബന്ധന കാരണം അലോട്ട്മെന്റ് ഇല്ലാത്തതുകൊണ്ട് ആളുകൾക്ക് റീ-ഇമ്പേഴ്സ്മെന്റ് ഇല്ല. അതുപോലെ റ്റി. എ. ഇല്ല. അങ്ങ് ഞങ്ങൾക്ക് അലവൻസിന്റെ തോത് ഉയർത്തിത്തരാൻവേണ്ടി പാടുപെട്ടിട്ട് സാധാരണ അലവൻസ്പോലും കിട്ടുന്നുണ്ടോ? അലവൻസില്ല എന്നുപറഞ്ഞാൽ കിട്ടുമോ? ആരാണ് അതിനുത്തരവാദി? ഈ രൂപത്തിലുള്ള തെറ്റായ ഒരു ഉത്തരവിലൂടെ ഒരു കാര്യവും ഇല്ലാതെ, ഈ റൂൾ 444-ൽ ഒരു അമെന്റ്മെന്റ് കൊണ്ടുവന്നിരിക്കുകയാണ്. അതുകൊണ്ട് ഈ ഉത്തരവ് അടിയന്തിരമായി പിൻവലിച്ച് ജീവനക്കാരുടേയും പെൻഷൻകാരുടേയും മറ്റ് ആളുകളുടേയും താൽപ്പര്യം സംരക്ഷിക്കണം. സ്ഫോടനാത്മകമായിട്ടുള്ള സ്ഥിതിയാണ് സർവീസിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഈ കാര്യത്തിൽ അടിയന്തിരമായി അനുകൂലമായ ഒരു തീരുമാനമെടുക്കണം. ആ സ്ഥിതിവിശേഷം കണക്കിലെടുത്ത് മറ്റ് സഭാനടപടികൾ നിറുത്തിവച്ച് ഈ പ്രശ്നം ചർച്ചചെയ്യണമെന്ന് അപേക്ഷിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ബഹുമാനപ്പെട്ട അങ്ങ് സംസാരിച്ചപ്പോൾ ഉദ്യോഗസ്ഥന്മാർ കമ്മിറ്റിയെ തെറ്റിദ്ധരിപ്പിച്ചു എന്നുപറഞ്ഞു. അതു ശരിയല്ല. സംഭവിച്ചത് നേരെ മറിച്ചാണ്. ബഹുമാനപ്പെട്ട എം. എൽ. എ.-മാർ നൽകിയ റിപ്പോർട്ടിൽ പറയുന്നത്, കൺട്രോൾ ഇല്ലാതെ ശമ്പളം കൊടുക്കുന്നതിനെ ഉദ്യോഗസ്ഥന്മാർ ജസ്റ്റിഫൈ ചെയ്തത് ശരിയല്ല എന്നാണ്. അത് റിപ്പോർട്ടിൽ പറയുന്നുണ്ട്. കമ്മിറ്റി പറയുന്നതെന്താണ്? "The Committee finds that the argument of the Finance Department that Treasury Officers ought to make payments towards salary irrespective of the insufficient provision since the same is a committed expenditure, does not hold good....." എന്നാണ് ഫിനാൻസിന്റെ ആർഗ്യുമെന്റ് സമ്മതിക്കുന്നില്ല എന്നാണ്. അവർ അതിനോട് വിയോജിക്കുകയാണ് ചെയ്തത്. അല്ലാതെ തെറ്റിദ്ധരിപ്പിച്ചതല്ല. നിയമസഭാകമ്മിറ്റിയായ പി.എ.സി. കമ്മിറ്റി, ഫിനാൻസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ പറഞ്ഞ വാദം അംഗീകരിച്ചില്ല. അതാണുണ്ടായത്. പിന്നെ അദ്ദേഹം ട്രഷറി കോഡിനെക്കുറിച്ചെല്ലാം പറഞ്ഞു, ഈ ഓർഡറിൽത്തന്നെ അവസാനമായി പറയുന്നതെന്താണ്? "It has come to the notice of the Government that a large number of departments are incurring excess expenditure over budget provision" എന്നാണ്. ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാതെ നമ്മൾ ചെലവാക്കണമെന്നാണോ? ഈ സഭയുടെ അനുവാദമില്ലാതെ ഒരു പൈസ ചെലവാക്കാമോ? അതെന്താ ബഹുമാനപ്പെട്ട മെമ്പർമാർ ആലോചിക്കാത്തത്? എന്ത് ചെലവഴിക്കണമെന്നുണ്ടെങ്കിലും ഈ സഭയിൽ വരണം. ഈ സഭ അംഗീകരിക്കണം. അതുമാത്രമേ പറഞ്ഞിട്ടുള്ളൂ. ഇവിടെ നമ്മൾ അപ്രോപ്രിയേഷൻ ബിൽ വരെ പാസാക്കുന്നു. ആ അപ്രോപ്രിയേഷൻ കൺട്രോളിൽ വരണം. എല്ലാ എക്സ്പെൻഡീച്ചറും അപ്രോപ്രിയേഷൻ കൺട്രോളിൽ വരണം. ഇതുമാത്രമേ ഗവൺമെന്റ് ചെയ്തിട്ടുള്ളൂ. പി.എ.സി. ചെയ്ത റെക്കമെന്റേഷൻ ഒരു നല്ല റെക്കമെന്റേഷനാണ്. അതുകൊണ്ട് ഗവൺമെന്റ് പറഞ്ഞത് "The Government have examined the matter in detail and are pleased to order that the system of appropriation control by Treasuries will be made applicable to all departments under the Government and the salaries and wages shall also be included in Rule 2 (1)(a) of Rule 444 for the purpose of appropriation control by Treasuries" എന്നാണ്. ഏത് ഘട്ടത്തിൽ എന്ത് ഉണ്ടായിരുന്നാലും ഗവൺമെന്റിന് ചെയ്യാവുന്നതേയുള്ളൂ. അതുകൊണ്ട് നഷ്ടം എന്താണ്? "Necessary amendments for Rule 444 of KTC Volume–I and Kerala Budget Manual will be issued separately" എന്നാണ് പറഞ്ഞത്. അത് വലിയ വേദവാക്യമൊന്നുമല്ല, അതിൽ അമെന്റ്മെന്റ് വരുത്താം. അസംബ്ലിയുടെ കൺട്രോളിൽ അല്ലാതെ ചെലവഴിക്കാൻ എന്തെങ്കിലും പെർമിഷൻ എവിടെയെങ്കിലും ഉണ്ടെങ്കിൽ അതുമാറ്റി, എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുമ്പോൾ ഒരു കാര്യമുണ്ട്. ഈ ബഡ്ജറ്ററി പ്രൊവിഷൻ വേണമെന്നേയുള്ളൂ. ഒന്നാം തീയതിതന്നെ ശമ്പളം കൊടുക്കും. യാതൊരു ട്രഷറി കൺട്രോളും ഇല്ല. ശമ്പളത്തിന് ഒന്നാം തീയതി മുതൽ 31-ാം തീയതി വരെ എപ്പോൾ വേണമെങ്കിലും എഴുതിക്കൊടുത്തു വാങ്ങാം. പക്ഷെ നമ്മൾ പാസ്സാക്കിയ ബഡ്ജറ്ററി പ്രൊവിഷൻ അവിടെ വേണമെന്നുള്ളതാണ്. അതെല്ലാം ഉൾപ്പെടുത്തണമെന്നുള്ളത് സംബന്ധിച്ച് നിരന്തരമായി നിർദ്ദേശം കൊടുത്തു. ഓരോ ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. നിങ്ങൾ ഇതെല്ലാം Budget-ൽ ഉൾപ്പെടുത്തണം എന്ന് നിർദ്ദേശം കൊടുത്തു. എന്നാലും ഞാൻ ഈ സഭയിൽ പറയുന്നു, ഈ വർഷം അങ്ങനെ യാതൊരു നിയന്ത്രണവും ഏർപ്പെടുത്താൻ തയ്യാറല്ല. ഈ വർഷം എല്ലാം റിലാക്സ് ചെയ്തിരിക്കുന്നു. ഈ വർഷം അവസാനിക്കുന്നതുവരെ ഈ ഉത്തരവ് ഇംപ്ലിമെന്റ് ചെയ്യില്ല. പക്ഷെ ബഡ്ജറ്ററി കൺട്രോൾ വേണം. അപ്രോപ്രിയേഷൻ കൺട്രോൾ വേണം. ശമ്പളത്തിനൊന്നും യാതൊരു കുഴപ്പവുമില്ല. ഏതു ദിവസം ചെന്നാലും ട്രഷറി കൺട്രോൾ ഉണ്ട് എന്നത് ഒരു ഫാക്ടാണ്. പക്ഷെ അത് ശമ്പളത്തിനില്ല. ട്രഷറി കൺട്രോൾ യു.ഡി.എഫ്. ഗവൺമെന്റ് ആദ്യമായി ഏർപ്പെടുത്തിയതല്ല. എൽ.ഡി.എഫ്. ഗവൺമെന്റ് ഉള്ളപ്പോഴും ട്രഷറി കൺട്രോൾ ഉണ്ട്. അത് ഇപ്പോഴും തുടരുന്നു എന്നുള്ളതല്ലാതെ അത് ശമ്പളത്തിന് ബാധകമല്ല. ഒന്നാം തീയതി മുതൽ 31-ാം തീയതി വരെ ഏത് ദിവസവും ശമ്പളം മാറ്റാം. പിന്നെ ഈ വർഷം ഈ ഓർഡർ പോലും ബാധകമായിരിക്കുകയില്ല എന്ന് ഞാൻ സഭയെ അറിയിക്കുന്നു. ഇത് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമൊന്നുമില്ല. ഒരു നല്ല കാര്യം പി.എ.സി.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെയ്തു എന്നേയുള്ളൂ.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വീണ്ടും സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. പി.എ.സി.-യിലെ ഭൂരിപക്ഷം അംഗങ്ങളും ഭരണകക്ഷിക്കാരാണ്. അവരുടെ പേര് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞില്ല. അതുപോലെത്തന്നെ മരുന്നു വാങ്ങിയതിലെ അഴിമതിയെ സംബന്ധിച്ചും. ഇത്ര തിടുക്കത്തിൽ എന്തുകൊണ്ട് നടപടി ആയില്ല എന്നുള്ളതിന് ഉത്തരം പറയണം. പി.എ.സി. റിപ്പോർട്ടിൽ കമ്മിറ്റി പറഞ്ഞിട്ടുണ്ട് എന്ന് പറഞ്ഞകാര്യങ്ങൾ ശരിയല്ല. ലിമിറ്റഡ് എക്സ്പെന്റിച്ചർ എന്നാണ്. എ.ഡി.ബി.-യുടെ നിർദ്ദേശം നടപ്പിലാക്കാൻവേണ്ടി നിയമസഭയേയും കമ്മിറ്റിയേയും കൂട്ടു പിടിക്കേണ്ട. ജീവനക്കാരുടെ അവകാശങ്ങൾ കവർന്നെടുത്തു. അതിനുശേഷം ഇപ്പോൾ അവരുടെ ശമ്പളത്തിലും തൊട്ടുകളിച്ചിരിക്കുകയാണ്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഓൺ ലൈൻ ലോട്ടറിയെപ്പറ്റി ഈ സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചതുപോലെ. ഓൺലൈൻ ലോട്ടറിയെന്നല്ല ആപ്പിൾ, ഓറഞ്ച്, റ്റുമാറ്റോ എന്നാണ് അവർ കള്ളത്തരത്തിൽ പേര് മാറ്റിയിരിക്കുന്നതെന്നുള്ള സത്യാവസ്ഥ പറഞ്ഞപ്പോൾ എന്റെ ബഹുമാന്യനായ സുഹൃത്തും ബഹുമാന്യനായ മന്ത്രിയും പറഞ്ഞതിൽ ഓൺലൈൻ ലോട്ടറിയെപ്പറ്റി ഒരു വാക്കില്ല. യഥാർത്ഥ പ്രതിയെപ്പറ്റി പറയാതിരുന്ന, അവരെ സഹായിക്കാൻവേണ്ടി നടത്തിയ വിടുവേലപോലെ തന്നെ പാവപ്പെട്ട സർക്കാർ ജീവനക്കാരുടെ നേരെയും ഇതുപോലെയുള്ള വൈകൃതം അദ്ദേഹം കാണിക്കുകയാണ്. ഇത് യാതൊരു തരത്തിലും നീതീകരിക്കത്തക്കതല്ല.

LIBRARY ARCHIVES Kerala Legislative Assembly

എ.ഡി.ബി. വന്ന് ഉപദേശം നൽകി, പല മേഖലകളിലേയും ഉദ്യോഗസ്ഥന്മാരുടെ വയറ്റത്തടിച്ചതുപോലെ സർക്കാർ ജീവനക്കാരുടെ വയറ്റത്തടിക്കാൻ പുതിയ ധനകാര്യ വകുപ്പുമന്ത്രി ചുമതല ഏറ്റെടുത്തതിനുശേഷം പുതിയ വ്യാഖ്യാനവുമായി വന്നിരിക്കുന്നു. ഇത് യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയാത്തതുകൊണ്ട് സഭ നിർത്തി വച്ച് ചർച്ച ചെയ്യുകയാണ് വേണ്ടത്. അതിനങ്ങ് സമ്മതിക്കുന്നില്ലെങ്കിൽ ഞങ്ങൾ അതിന് ശക്തമായ പ്രതിഷേധം പ്രകടിപ്പിക്കാൻവേണ്ടി വാക്കൗട്ട് നടത്തുകയാണ്. ഞാൻ അവസാനം പറഞ്ഞത് പിൻവലിക്കുന്നു.

മി. സ്പീക്കർ: ഞാൻ കരുതിയത് അങ്ങ് സഹായിക്കാൻ എന്തെങ്കിലും പറയുമെന്നാണ്. ഞാൻ എന്റെ റൂളിംഗ് നടത്തിയിട്ടില്ല. ഏതായാലും ഇനി പ്രതിപക്ഷ നേതാവ് സംസാരിക്കേണ്ട കാര്യമില്ല; സംസാരിച്ചു കഴിഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി ഈ വർഷം നടപ്പിൽ വരുത്തില്ല എന്നു പറഞ്ഞ സാഹചര്യത്തിൽ യാതൊരു ആശങ്കയ്ക്കും ഇടയില്ല. അതുകൊണ്ട് അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: അവസാനം പറഞ്ഞ വാക്കൗട്ട് ഫലത്തിൽ വന്നിരിക്കുന്നു.

മി. സ്പീക്കർ: നേരത്തേ സംസാരിച്ചതായി കാണക്കാക്കും.

(പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ പറയുമ്പോൾ ഈ വർഷം നടപ്പിലാക്കില്ല എന്ന് അദ്ദേഹം ആവർത്തിച്ചു പറഞ്ഞു. അങ്ങും ഇവിടെ പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ പറഞ്ഞു, നടപ്പിലാക്കില്ല എന്ന്. ഉത്തരവ് പിൻവലിക്കാമെന്ന് പറഞ്ഞാൽ തീർച്ചയായിട്ടും ഞങ്ങൾ വ്യത്യസ്തമായിട്ട് പറയാം. ഞാൻ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി മെമ്പറായിരുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അതിന്റെ ചെയർമാനായിരുന്നു. ബഹുമാനപ്പെട്ട മിനിസ്റ്റർ വായിച്ചപ്പോൾ ഞങ്ങൾ നാല് മെമ്പർമാരും ശ്രീ. ബാലകൃഷ്ണപിള്ള മെമ്പറുടേയും പേര് പറഞ്ഞു. മറ്റുള്ള മെമ്പർമാരുടെ പേര് പറഞ്ഞില്ല. പി.എ.സി. അത് വിശദമായി പരിശോധിച്ചു. അതിൽ പ്രധാനമായും വന്നത് വർഷങ്ങളായി ബഡ്ജറ്റിൽ നമ്മൾ പസ്സാക്കിക്കഴിഞ്ഞാലും പല വകുപ്പുകളും കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ട് അതുപോലും സപ്ലിമെന്ററി ഡിമാന്റായി സഭയിൽ വയ്ക്കുകയോ അതിന്റെ അപ്രോപ്രിയേഷൻ യഥാസമയം നടത്തുകയോ ചെയ്തിട്ടില്ല എന്നതാണ്. ഇത് കോടിക്കണക്കിന് രൂപയായി. ഇത് പി.എ.സി. വളരെ വിശദമായി പഠിച്ച്, ചർച്ച ചെയ്ത്, വിശദമായി ചോദിച്ചു മനസ്സിലാക്കിയാണ് റിപ്പോർട്ട് കൊണ്ടുവന്നത്. അതിലെ നല്ല വശങ്ങൾ അതിലെ റെക്കമെന്റേഷൻസ് എടുത്ത് നടപടി സ്വീകരിക്കുന്നതിനുപകരം സർക്കാർ ജീവനക്കാരുടെ ശമ്പളത്തിലും ആനുകൂല്യങ്ങളിലും, അവരുടെ അവകാശങ്ങളിലും കൈവച്ചതാണ് ഇവിടെ വിഷയം. അത് പി.എ.സി.-യാണ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരിബാലകൃഷ്ണനാണ്, കെ.പി. രാജേന്ദ്രൻ ഉൾപ്പെട്ട കമ്മിറ്റിയാണെന്ന് പറഞ്ഞ് തെറ്റിദ്ധരിപ്പിച്ച്, പത്രമാദ്ധ്യമങ്ങളിലും ജീവനക്കാരുടെ ഇടയിലും കുഴപ്പമുണ്ടാക്കാനാണ് മന്ത്രി ശ്രമിക്കുന്നത്, ഇത് ആശയക്കുഴപ്പമുണ്ടാക്കിയിരിക്കുകയാണ്. നാളെ പത്രത്തിൽ ഇങ്ങനെയല്ലേ വരിക? ഈ കമ്മിറ്റിയുടെ വിശദമായ റിപ്പോർട്ട് സഭയിൽ വച്ചിട്ടുള്ളതാണ്. ഞാൻ അതിനെ സംബന്ധിച്ച വിശദമായ ചർച്ചയ്ക്കുവേണ്ടി സീറോ അവറിൽ ഇവിടെ ഉന്നയിച്ചു. ബഹുമാനപ്പെട്ട അന്നത്തെ സ്പീക്കർ പറഞ്ഞത്, ഇതൊക്കെ വളരെ സാധാരണ നടപടികളാണെന്നാണ്. അങ്ങനെ സാധാരണ നടത്തിക്കാൻ പാടില്ലാത്തതുകൊണ്ടാണ് ഇവിടെ റിപ്പോർട്ട് വച്ചത്. ജീവനക്കാരുടെ ആനുകൂല്യങ്ങൾ, ശമ്പളം ഉൾപ്പെടെ മുടങ്ങുന്നു. കാർഷിക സർവ്വകലാശാലയിൽ ഈ മാസം ശമ്പളം കൊടുക്കുന്നത് വൈകിപ്പോയി. മൂന്നുനാലു ദിവസമായി സമരമായിരുന്നു. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ ശമ്പളം കൊടുക്കുന്നത് വൈകി. കേരളത്തിലെ ഗവണ്മെന്റ് ജീവനക്കാരുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും ശമ്പളവും ആനുകൂല്യങ്ങളും മുടങ്ങുന്ന ഗുരുതരമായ സ്ഥിതിവിശേഷം വരും. അതിന് ബഹുമാനപ്പെട്ട മന്ത്രി ഉത്തരവ് പിൻവലിക്കുമെന്ന് പറഞ്ഞിരുന്നെങ്കിൽ ഇത് നടപ്പിലാകില്ല എന്ന് വിചാരിക്കാം. ഈ ഉത്തരവ് നടപ്പിലാക്കുകയാണ്. അതുകൊണ്ട് ഞങ്ങൾ പ്രകടിപ്പിക്കുന്നത് ജീവനക്കാരുടേയും അവരുടെ കുടുംബങ്ങളുടേയും മുഴുവൻ ആശങ്കയും അവരുടെ ഉൽക്കണ്ഠയുമാണ്. അതുകൊണ്ട് ഈ റിപ്പോർട്ടിനെ തെറ്റിദ്ധാരണാജനകമാക്കാൻവേണ്ടി ബഹു.മന്ത്രി അവതരിപ്പിച്ച രീതി ശരിയായിട്ടില്ല എന്നു വിനയത്തോടുകൂടി പറഞ്ഞുകൊണ്ടും ഈ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. കെ.പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. സി.കെ. നാണു: ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാകുന്നത് തടസ്സപ്പെടുമെന്ന് ജീവനക്കാർ ഭയപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും ജീവനക്കാരുടെ പ്രതിഷേധം ഉയരുകയും ചെയ്യുന്ന അവസരത്തിൽ ഈ വർഷം അത് നടപ്പിലാക്കില്ല എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞെങ്കിലും ഈ നിയമം പിൻവലിക്കുന്നു എന്ന് പറയാൻ അദ്ദേഹം സന്നദ്ധനായില്ല. എങ്കിൽ ഈ പ്രതിഷേധം ഉണ്ടാകുമായിരുന്നില്ല. അത്തരം ഒരു നിലപാട് സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇറങ്ങിപ്പോകുന്നു.

(ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ. എ. അസീസ്: ഞാൻ ഒറ്റവാക്കിൽ പറയുകയാണ്. സർക്കാർ ജീവനക്കാരോടുള്ള അനീതിക്കെതിരായി ഈ ഗവണ്മെന്റ് സ്വീകരിക്കുന്ന നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രമേയത്തിൽ നിഷേധാത്മകമായ നിലപാട് സ്വീകരിച്ചതിൽ ഞാനും എന്റെ കക്ഷിഅംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. എ.എ. അസീസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയിരുന്ന അംഗങ്ങൾ അല്പ സമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി).

III ശ്രദ്ധ ക്ഷണിക്കൽ

(1) ഹർത്താലുകൾമൂലം ഉണ്ടാകുന്ന നഷ്ടം ഹർത്താൽ ആഹ്വാനം ചെയ്തവരിൽ നിന്നും ഈടാക്കാൻ നിയമനിർമ്മാണം നടത്തണമെന്ന ആവശ്യം

ശ്രീ. എം. എം. ഹസ്സൻ : സർ, കേരളീയ ജനജീവിതത്തിൽ ഹർത്താലുകളും ബന്ദുകളും ഉണ്ടാക്കുന്ന ദുരിതങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുന്നത്. 1997-ൽ കേരളത്തിലെ ജനങ്ങളുടെ ജീവിതം
10 A.M.] വളരെയധികം ദുരിതപൂർണ്ണമാക്കിയ സമരമുറ എന്ന നിലയിൽ ബന്ദിനെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഭരണഘടനാ വിരുദ്ധവും നിയമ വിരുദ്ധവുമായി പ്രഖ്യാപിക്കുകയുണ്ടായി. ആ ഹൈക്കോടതി വിധി ബഹുമാനപ്പെട്ട സുപ്രീം കോടതി ശരിവയ്ക്കുകയും ചെയ്തു. ജനാധിപത്യ സംവിധാനത്തിൽ പ്രതിഷേധിക്കാനും സംഘടിക്കാനും സമരം ചെയ്യാനുമുള്ള മൗലികാവകാശമുണ്ട് എന്നുള്ള വാദഗതിയോടുകൂടിയാണ് ഇവിടെ നിരന്തരമായി പ്രതിഷേധ പ്രകടനത്തിന് ബന്ദ് എന്ന സമരമാർഗ്ഗം പല സംഘടനകളും രാഷ്ട്രീയ പാർട്ടികളും സ്വീകരിച്ചത്. രാഷ്ട്രീയ പ്രവർത്തകരായ നമ്മൾ എല്ലാപേരും ആത്യന്തികമായി ജനങ്ങളുടെ ജീവിത പ്രയാസങ്ങൾ പരിഹരിക്കാനും അവരുടെ ജീവിത പ്രാരാബ്ധങ്ങൾ പരിഹരിക്കാനുമുള്ള പ്രവർത്തനത്തിലാണ് ഏർപ്പെടുന്നത്. സാമ്രാജ്യത്വത്തോട് ഏറ്റുമുട്ടി രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ധീരോദാത്തമായ സമരത്തിൽ നമ്മുടെ രാഷ്ട്രപിതാവ് സ്വീകരിച്ച സമര മാർഗ്ഗങ്ങളിൽ ഉള്ളതാണ് ബന്ദും ഹർത്താലും എല്ലാം. ഇന്ന് നമ്മളാണ് നമ്മളെ ഭരിക്കുന്നത്. ഈ ജനാധിപത്യ സംവിധാനത്തിൽ കേരളത്തിൽ നിരന്തരമായി ബന്ദുകളും ഹർത്താലുകളും സാധരണക്കാരന്റെ ജീവിതത്തിനെ വളരെയേറെ ദ്രോഹിക്കുന്ന അവസ്ഥയിൽ എത്തിയപ്പോഴാണ് ചില സംഘടനകൾ കോടിതിയിൽ ഇതിനെ ചോദ്യം ചെയ്യാനായി മുമ്പോട്ടു പോയത്. സംഘടിക്കാനും പ്രതിഷേധിക്കാനും സമരം ചെയ്യാനുമുള്ളത് മൗലികാവകാശം തന്നെയാണ്. അതോടൊപ്പം ഓരോ പൗരന്റെയും സഞ്ചരിക്കാനും പണിയെടുക്കാനുമുള്ള അവകാശവും മൗലികാവകാശമാണ്. അത് തടയാൻ നമുക്കാർക്കും അവകാശമില്ല. ഈ അടുത്തകാലത്ത്, 2004 മേയ് 28-ാം തീയതി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഫുൾ ബെഞ്ച് വിധി പ്രസ്താവിച്ചിട്ടുണ്ട്. അതിലെ പെറ്റീഷണേഴ്സ് ആൾ കേരള ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ കോട്ടയം ഡിസ്ട്രിക്റ്റ് കമ്മിറ്റിയാണ്. അതിൽ അവർ ആവശ്യപ്പെട്ടത് ജനദ്രോഹപരമായ ഹർത്താലുകൾ നിർത്തലാക്കണമെന്നാണ്. ബന്ദ് നിരോധിച്ച് കഴിഞ്ഞപ്പോൾ ഹർത്താൽ എന്ന പുതിയ പേര് സ്വീകരിച്ചുകൊണ്ട് ഹർത്താലിന്റെ മൂടുപടമണിഞ്ഞാണ് ബന്ദുകൾ കേരളത്തിൽ രംഗപ്രവേശം ചെയ്തുകൊണ്ടിരിക്കുന്നത്. 2003-ലെ ഒരു സർവ്വേ പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly